നാം നിത്യവും ഉപയോഗിക്കുന്ന പച്ചക്കറികൾ മിക്കതും അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്നവ ആയതു കൊണ്ട് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി വിഷാംശം എത്ര എന്ന് കണ്ടു പിടിക്കാൻ പച്ചക്കറി കടകളിൽ നിന്ന് സാമ്പിൾ എടുത്തു പരിശോധന നടത്തുന്ന ഒരു പുതിയ പ്ലാൻ സ്കീം കാർഷിക സർവകലാശാലയും കൃഷി വകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു.

കൃഷി വകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ നടപ്പാക്കിയ പ്ലാൻ സ്കീമിന്റെ കീഴിലുള്ള "സേഫ് റ്റു ഈറ്റ്" പദ്ധതിയുടെ ജനുവരി 1 മുതൽ മാർച്ച് 31, 2014 വരെ പരിശോധന നടത്തിയതിന്റെ ആറാമത്തെ റിപ്പോർട്ട് കേരള സർക്കാർ ഔദ്യോഗിക വെബ് പോർട്ടലിൽ: (www.kerala.gov.in) പ്രസിദ്ധീകരിച്ചതാണ്.

2013 മേയ് 31ന് കാർഷികോല്പാദന കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ വെച്ച് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പച്ചക്കറികൾ കൂടാതെ പഴവർഗ്ഗങ്ങൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവ കൂടി പരിശോധനാ വിധേയമാക്കാൻ തീരുമാനിച്ചു. 2014 ജനുവരി മുതൽ ഒരോ മാസവും പരിശോധിക്കുന്ന സാമ്പിളുകളുടെ എണ്ണം 200 ആയി വർദ്ധിപ്പിക്കൂകയും അതിൽ 100 സാമ്പിളുകൾ ജൈവജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് നിന്നും, ബാക്കി സാമ്പിളുകൾ ഇതര ജില്ലകളിലെ വിവിധ മാർക്കറ്റുകളിൽ നിന്നും ശേഖരിക്കാൻ തീരൂമാനിച്ചു. ശേഖരിച്ച സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി"യിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. പരിശോധനക്കുള്ള എല്ലാ അത്യാധുനിക സൗകര്യങ്ങളും, കീടനാശിനി 100 കോടിയിൽ ഒരു അംശം വരെ അളക്കുന്ന ഗ്യാസ് ക്രൊമറ്റോഗ്രാഫ്, ലിക്വിഡ് ക്രൊമറ്റോഗ്രാഫ്, മാസ്സ് സ്പെക്ട്രോമീറ്റർ എന്നീ ഉപകരണങ്ങളുമുള്ള അന്താരാഷ്ട്ര നിലവാരത്തിലുള്ള സർക്കാർ തലത്തിലെ ഒരേയൊരു അക്രഡിറ്റഡ് ലാബറട്ടറി ആണിത്.

വിവിധ ഇനം പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ എന്നിവ കൂടാതെ വിവിധ ബ്രാൻഡുകളിൽ മാർക്കറ്റിൽ ലഭ്യമായ സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ഉണങ്ങിയ പഴവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ, പാക്കറ്റിൽ ലഭിക്കുന്ന വിവിധ ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു.

തിരുവനന്തപുരം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച 51 ഇനം പച്ചക്കറികളുടെ 146 സാമ്പിളുകളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തരം തിരിച്ച് പട്ടികയിൽ കൊടുത്തിരിക്കുന്നു. അപകട സാധ്യതയുള്ള അളവിൽ വിഷാംശം ഒന്നിലും കണ്ടെത്തിയിട്ടില്ല. വെണ്ടക്ക, കാരറ്റ്, പയർ എന്നിവയുടെ ഒരോ സാമ്പിളുകളിൽ വിഷാംശം കണ്ടെത്തിയത് നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ മാത്രം ആയിരുന്നു. തിരുവനന്തപുരം നഗരത്തിലെ മൂന്ന് ജൈവപച്ചക്കറി മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 23 ഇനം പച്ചക്കറികളിൽ പാവക്ക, പുതീന ഇല, പടവലം എന്നീ മൂന്നിനങ്ങളുടെ ഒരോ സാമ്പിളുകളിലാണ് അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തിയത്.

വിവിധ ജില്ലകളിൽ നിന്ന് (തിരുവനന്തപുരം, കൊല്ലം, കാസർഗോഡ്) 18 ഇനം പഴവർഗ്ഗങ്ങളുടെ 25 സാമ്പിളുകൾ പരിശോധിച്ചതിൽ ഒരു സാമ്പിളിൽ പോലും പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയില്ല.

തിരുവനന്തപുരം, കോട്ടയം, എറണാകുളം ജില്ലകളിൽ നിന്നും ശേഖരിച്ച 2 ഇനം ഉണങ്ങിയ പഴവർഗ്ഗങ്ങളിൽ ഒരോ ഇനത്തിൽപ്പെട്ട ഉണക്കമുന്തിരിയിലും ഈന്തപ്പഴത്തിലും അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തി. ശേഷിച്ച ഇനത്തിൽപ്പെട്ട സാമ്പിളുകൾ വിഷവിമുക്തമായാണ് പരിശോധനാഫലങ്ങൾ സൂചിപ്പിക്കൂന്നത്.


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

വിവിധ ജില്ലകളിലെ പൊതുവിപണികളിൽ നിന്നും ശേഖരിച്ച പല ബ്രാൻഡ് പേരിൽ പാക്കറ്റിൽ ലഭിക്കുന്ന 20 ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ എന്നിവയുടെ 134 സാമ്പിൾ പരിശോധിച്ചതിൽ 6 ഇനത്തിൽപ്പെട്ട 8 സാമ്പിളുകൾ വിഷാംശപരിധി ലംഘിച്ചതായി കണ്ടു. FSSAI (www.foodsafety.kerala.gov.in) പരിധി നിശ്ചയിച്ചിട്ടില്ലാത്ത ഇനങ്ങൾക്ക് യൂറോപ്യൻ യൂണിയൻ നിശ്ചയിച്ച (www.ec.europa.eu/sanco.pesticides) പരിധികളാണ് ഇവ സ്ഥിരമായി ഉപയോഗിച്ചാൽ അപകടസാദ്ധ്യത ഉണ്ടാകുമോ എന്ന് വിലയിരുത്താൻ മാനദണ്ഡമാക്കിയത്.

ഏലയ്ക്ക, ജീരകം, കാശ്മീരി മുളകുപൊടി, ഗരംമസാല, കറിമസാല, സാമ്പാർപൊടി എന്നിവയുടെ സാമ്പിളുകളിൽ അപകട സാദ്ധ്യതയുള്ള അളവിൽ വിഷാംശം കണ്ടെത്തി. ഏലയ്ക്കയുടെയും ജീരകത്തിന്റെയും സാമ്പിളുകൾ പരിശോധിച്ചതിൽ ക്ളോർപൈറിഫോസ്, സൈപെർമെത്രിൻ, എത്തയോൺ, ലാംബ്ഡാ സൈഹാലോത്രിൻ, ക്യുനാൽഫോസ്, പ്രൊഫെനോഫോസ് എന്നീ കീടനാശിനികളും, കാശ്മീരി മുളകുപൊടി, ഗരംമസാല, കറിമസാല, സാമ്പാർപൊടി, സാധാരണ മുളകുപൊടി, ചതച്ച മുളക് എന്നിവയുടെ ബ്രാൻഡുകളിൽ എത്തയോൺ, പ്രൊഫെനോഫോസ്, ലാംബ്ഡാ സൈഹാലോത്രിൻ, ബൈഫെൻത്രിൻ എന്നീ കീടനാശിനികളുമാണ് കണ്ടെത്തിയത്.

കാശ്മീരി മുളകുപൊടിയുടെ ബ്രാൻഡുകളിലും, സാധാരണ മുളകുപൊടിയുടെയും ചതച്ച മുളകിന്റെയും വിവിധ ബ്രാൻഡുകളിലും ലാംബ്ഡാ സൈഹാലോത്രിൻ എത്തയോൺ എന്നീ കീടനാശിനികളുമാണ് കണ്ടെത്തിയത്. കാശ്മീരി മുളകുപൊടിയുടെ ബ്രാൻഡുകളിൽ കീടനാശിനികളുടെ സാന്നിദ്ധ്യം പരിധിക്ക് മുകളിൽ കണ്ടെത്തിയപ്പോൾ സാധാരണ മുളകുപൊടിയുടെയും ചതച്ച മുളകിന്റെയും സാമ്പിളുകളിൽ പരിധിക്ക് താഴെ ആയിരുന്നു.

അച്ചാർപ്പൊടി, ജീരകപ്പൊടി, പെരുംജീരകപ്പൊടി, തേയില മുതലയവയുടെ സാമ്പിളുകളിലും വിഷാംശം കണ്ടെത്തിയെങ്കിലും അവയുടെ അളവ് എഫ്.എസ്.എസ്.എ.ഐയോ, കോഡക്സോ, യൂറോപ്യൻ യൂണിയനോ നിശ്ചയിച്ച പരിധികൾക്ക് താഴെ മാത്രമായിരുന്നു. ശേഷിച്ച 8 ഇനത്തിൽപ്പെട്ട സംസ്കരിച്ച ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ പൂർണ്ണമായും വിഷരഹിതമായി കാണപ്പെട്ടു.

**കൂടുതൽ വിവരങ്ങൾക്ക്:**
**ഡോ. തോമസ് ബിജു മാത്യു (പ്രൊഫസ്സർ),**
പെസ്റ്റിസൈഡ് റെസിഡ്യു ലാബ്,
(കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ലാബറട്ടറി),
കാർഷിക കോളേജ്, വെള്ളായണി പി.ഒ; തിരുവനന്തപുരം 695 522
ഫോൺ നമ്പർ: 0471 -2388167
ഇ-മെയിൽ: **biju.mathew@kau.in**
**biju2358@yahoo.co.in**


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ തിരുവനന്തപുരം, കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച **20** ഇനം സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ **134** സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത് | | |
|---|---|---|
| കുരുമുളകുപൊടി - 2 | രസംപൊടി - 6 | തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) |
| വറ്റൽമുളക് - 2 | ഗ്രീൻ റ്റീ - 2 | 8 ഇനത്തിൽപ്പെട്ട |
| മല്ലിപൊടി - 11 | ഉലുവപൊടി - 2 | 28 സാമ്പിളുകൾ |
| ഉലുവ - 1 | പെരുംജീരകപൊടി -2 | |
| തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 28 | | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 28 |

| FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് | | |
|---|---|---|
| മുളകുപൊടി - 2/14 | ജീരകപൊടി - 1/1 | വിഷാംശം കുറവ് ഉള്ളത് |
| ചതച്ച മുളക് - 1/1 | പെരുംജീരകം- 1/2 | 6 ഇനത്തിൽപ്പെട്ട |
| അച്ചാർപൊടി - 1/8 | തേയില- 1/2 | 7 സാമ്പിളുകൾ |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത്=>7 | | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 28 |

**FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്**

| സാമ്പിളിന്റെ ഇനം | സാമ്പിളിന്റെ എണ്ണം | ശതമാനം | പരിധിയിൽ താഴെ വിഷാംശം കണ്ടെയതിന്റെ എണ്ണം | |
|---|---|---|---|---|
| ജീരകം | 2/3 | 66% | | അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് |
| ഏലയ്ക്ക | 1/2 | 50% | | 6 ഇനത്തിൽപ്പെട്ട |
| കറിമസാല | 2/50 | 40% | 3 | 8 സാമ്പിളുകൾ |
| സാമ്പാർപൊടി | 1/4 | 25% | | |
| ഗരംമസാല | 1/8 | 12.5% | | |
| കാശ്മീരി മുളകുപൊടി | 1/11 | 9% | 2 | |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് =>8 | | | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=>78 | |

| | |
|---|---|
| | 2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 20 വിവിധ ഇനം മസാലസാമ്പിളുകളിൽ, 8 ഇനങ്ങളുടെ 28 സാമ്പിൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് 6 ഇനങ്ങളുടെ 8 സാമ്പിളിലും, നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ കണ്ടത് 6 ഇനങ്ങളുടെ 7 സാമ്പിളിലും ആയിരുന്നു. |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

**2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 12 ഇനം "സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ" എന്നിവയുടെ 15 സാമ്പിളിൽ (7+8) കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ്.എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും**

| # | സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ , സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്.എ.ഐ. | കോഡക്സ് | ഇ.യു |
| 1. | ജീരകം  | 2/3 | ക്ളോർപൈറിഫോസ് | 0.05 - 0.09 ppm | ഇല്ല | 1 ppm | 5 ppm |
| | | | പ്രൊഫെനോഫോസ് | 0.38 - 0.57 ppm | ഇല്ല | ഇല്ല | 0.05ppm |
| 2. | ഏലയ്ക്ക  | 1/2 | ക്ളോർപൈറിഫോസ് | 0.21 ppm | ഇല്ല | 1 ppm | 1 ppm |
| | | | സൈപെർമെത്രിൻ | 0.75 ppm | ഇല്ല | 0.1 ppm | 0.1 ppm |
| | | | എത്തയോൺ | 0.69 ppm | ഇല്ല | 5 ppm | 5 ppm |
| | | | ലാംബ്ഡാ സൈഹാലോത്രിൻ | 0.35 ppm | ഇല്ല | ഇല്ല | 0.05 ppm |
| | | | ക്യുനാൽഫോസ് | 3.89 ppm | 0.01 ppm | ഇല്ല | 0.1 ppm |
| 3. | കറിമസാല  | 2/50 | എത്തയോൺ | 0.08 - 0.49 ppm | ഇല്ല | 5 ppm | 5 ppm |
| | | | ഫോറേറ്റ് | 0.35 - 0.77 ppm | ഇല്ല | ഇല്ല | 0.1 ppm |
| 4. | സാമ്പാർപൊടി  | 1/4 | എത്തയോൺ | 0.56 ppm | ഇല്ല | 5 ppm | 5 ppm |
| | | | പ്രൊഫെനോഫോസ് | 0.2 ppm | ഇല്ല | ഇല്ല | 0.07 ppm |
| 5. | ഗരംമസാല  | 1/8 | ഫോറേറ്റ് | 2.95 ppm | ഇല്ല | ഇല്ല | 0.1 ppm |
| 6. | കാശ്മീർ മുളകുപൊടി  | 1/11 | എത്തയോൺ | 0.13 – 0.14 ppm | ഇല്ല | 5 ppm | 5 ppm |
| | | | ലാംബ്ഡാ സൈഹാലോത്രിൻ | 0.14 ppm | ഇല്ല | ഇല്ല | 0.05 ppm |
| 7. | മുളകുപൊടി  | 2/14 | എത്തയോൺ | 0.26 – 1.31 ppm | ഇല്ല | 5 ppm | 5 ppm |
| 8. | ചതച്ച മുളക്  | 1/1 | ബൈഫെൻത്രിൻ | 0.06 ppm | ഇല്ല | ഇല്ല | 0.1 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

| # | സുഗന്ധവ്യഞ്ജനങ്ങൾ, മസാലപ്പൊടികൾ , സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ എന്നിവയുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്.എ.ഐ. | കോഡക്സ് | ഇ.യു |
| 9. | അച്ചാർപ്പൊടി  | 1/8 | എത്തയോൺ | 0.48 ppm | ഇല്ല | 5 ppm | 5 ppm |
| 10. | ജീരകപ്പൊടി  | 1/1 | ക്ളോർപൈറിഫോസ് | 0.32 ppm | ഇല്ല | 5 ppm | 5 ppm |
| 11. | പെരുംജീരകം  | 1/2 | ക്ളോർപൈറിഫോസ് | 0.16 ppm | ഇല്ല | 5 ppm | 5 ppm |
| 12. | തേയില  | 1/2 | ബൈഫെൻത്രിൻ | 0.06 ppm | ഇല്ല | ഇല്ല | 5 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച ഉണങ്ങിയ പഴവർഗ്ഗങ്ങളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ തിരുവനന്തപുരം, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച **2** ഇനം ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ **18** സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

### യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത്

| | |
|---|---|
| **ഉണക്കമുന്തിരി (കറുപ്പ്) - 4** | |
| **സാധാരണ ഉണക്കമുന്തിരി - 1** | |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**
2 ഇനത്തിൽപ്പെട്ട
5 സാമ്പിളുകൾ

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 5** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 5**

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്

| | | |
|---|---|---|
| **ഉണക്കമുന്തിരി ( മഞ്ഞ)** | **1/4** | **25%** |
| **ഈന്തപ്പഴം** | **1/9** | **11%** |


**അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത്**
2 ഇനത്തിൽപ്പെട്ട
2 സാമ്പിളുകൾ

| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത് | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം |
|---|---|
| **2** | **13** |

2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 4 വിവിധ ഇനം ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ, 2 ഇനങ്ങളുടെ 5 സാമ്പിൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് 2 ഇനങ്ങളുടെ 2 സാമ്പിളിലും ആയിരുന്നു. നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ ഒന്നിലും കണ്ടെത്തിയില്ല.


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 2 ഇനം "ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ" 2 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ്.എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്. എ.ഐ. | കോഡക്സ് | ഇ.യു |
| 1. | ഉണക്കമുന്തിരി (മഞ്ഞ)  | 1/4 | പ്രൊഫെനോഫോസ് | 0.08 ppm | ഇല്ല | ഇല്ല | 0.01 ppm |
| 2. | ഈന്തപ്പഴം  | 1/9 | ലാംബ്ഡാ സൈഹാലോത്രിൻ | 0.16 ppm | ഇല്ല | ഇല്ല | 0.02 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ തിരുവനന്തപുരത്തെ സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കൊല്ലം, കാസർഗോഡ് പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച 12 വർഗ്ഗത്തിൽപ്പെട്ട 18 ഇനം പഴവർഗ്ഗങ്ങളുടെ 25 സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

| യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത് | |
|---|---|
| ആപ്പിൾ ഫുജി - 2 | തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)<br>18 ഇനത്തിൽപ്പെട്ട<br>25 സാമ്പിളുകൾ |
| ആപ്പിൾ റോയൽ ഗാല - 2 | |
| ആപ്പിൾ റെഡ് റോയൽ - 2 | |
| കറുത്ത മുന്തിരി - 1 | |
| പച്ച മുന്തിരി (കുരുഇല്ലാത്തത്) - 1 | |
| അവക്കാഡോ - 1 | |
| പേരയ്ക്ക - 1 | |
| മാമ്പഴം – 1 | |
| മുസാംമ്പി - 2 | |
| സാധാരണ ഓറഞ്ച് - 1 | |
| കിവി – 1 | |
| മാംഗോസ്ടീൻ - 1 | |
| കറുത്ത മുന്തിരി (കുരു ഇല്ലാത്തത്) - 1 | |
| സാധാരണ മുന്തിരി - 1 | |
| കൈതച്ചക്ക - 1 | |
| ആപ്പിൾ ഗ്രീൻ ഗ്രാനി - 2 | |
| മാതള നാരങ്ങ - 1 | |
| സബർജെല്ലി - 3 | |
| തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 25 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 25 |

| | |
|---|---|
| | 2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 18 വിവിധ ഇനം പഴവർഗ്ഗങ്ങളുടെ സാമ്പിളുകളിൽ, 18 ഇനങ്ങളുടെ 25 സാമ്പിളുകളും തീർത്തും വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം ഒന്നിലും കണ്ടെത്തിയില്ല. |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## പൊതുവിപണിയിൽ നിന്നും ശേഖരിച്ച പച്ചക്കറികളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ തിരുവനന്തപുരം നഗരത്തിലെ പച്ചക്കറി കടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച **51** ഇനം പച്ചക്കറികളുടെ **146** സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

### യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത്

| | | | |
|---|---|---|---|
| ബീറ്റ് റൂട്ട് - 6 | കറിക്കായ് - 2 | ബ്രോക്കോളി - 1 | തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)<br>48 ഇനത്തിൽപ്പെട്ട<br>133 സാമ്പിളുകൾ |
| കുമ്പളം - 2 | ബീൻസ് - 3 | കാബേജ് (വയലെറ്റ്)- 2 | |
| പാവക്ക - 5 | സാമ്പാർ മുളക് - 2 | കാപ്സിക്കം (മഞ്ഞ)- 1 | |
| വഴുതന - 1 | അമരക്ക - 1 | കോളി ഫ്ളവർ- 1 | |
| കത്തിരി - 3 | കാച്ചിൽ - 3 | കറിവേപ്പില - 3 | |
| കാബേജ് (വെള്ള) - 2 | മല്ലിയില - 1 | തണ്ണിമത്തൻ (കിരൺ– കടും പച്ച) - 4 | |
| കാപ്സിക്കം (പച്ച) - 1 | ചേന - 4 | തണ്ണിമത്തൻ (ഇളം പച്ച) - 1 | |
| ചൊരക്ക - 4 | മധുരക്കിഴങ്ങ് - 3 | കൈതച്ചക്ക- 1 | |
| വെളുത്തുള്ളി - 3 | സവാള - 2 | ചൗചൗ- 1 | |
| ഇഞ്ചി - 4 | ചുവന്നുള്ളി - 2 | കൂർക്ക- 1 | |
| നെല്ലിക്ക - 1 | ഉരുളക്കിഴങ്ങ് - 5 | ചേമ്പ്- 2 | |
| കോവക്ക - 4 | മത്തൻ - 3 | പച്ചമുളക്- 6 | |
| പച്ചമാങ്ങ - 4 | റാഡിഷ് (വെള്ള) - 3 | ഗ്രീൻപീസ്- 1 | |
| വെള്ളരി - 3 | പീച്ചങ്ങ - 2 | മുരിങ്ങക്ക- 2 | |
| പുതീന ഇല - 4 | സലാഡ് വെള്ളരി -5 | ഏത്തക്ക- 3 | |
| മരച്ചീനി - 4 | തക്കാളി – 5 | പടവലം - 6 | |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് =>133 | | | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 133 |

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത്

| | |
|---|---|
| വെണ്ടക്ക- 1/3 | വിഷാംശം കുറവ് ഉള്ളത്<br>3 ഇനത്തിൽപ്പെട്ട<br>3 സാമ്പിളുകൾ |
| കാരറ്റ് - 1/4 | |
| പയർ - 1/6 | |
| നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് താഴെ വിഷാംശം കണ്ടെത്തിയത് =>3 | പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം=> 13 |

| | |
|---|---|
| | 2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 51 വിവിധ ഇനം പച്ചക്കറി സാമ്പിളുകളിൽ, 48 ഇനങ്ങളുടെ 133 സാമ്പിളുകൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം ഒന്നിലും കണ്ടെത്തിയില്ല, നിഷ്കർഷിച്ചിരിക്കുന്ന പരിധിയിൽ താഴെ കണ്ടത് 3 ഇനങ്ങളുടെ 3 സാമ്പിളുകളിലും ആയിരുന്നു. |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 3 ഇനം പച്ചക്കറികളുടെ 3 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ ്.എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | പച്ചക്കറികളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്. എ.ഐ. | കോഡക്സ് | ഇ.യു |
| 1. | വെണ്ടക്ക  | 1/3 | ലാംബ്ഡാ സൈഹാലോത്രിൻ | 0.07 ppm | ഇല്ല | ഇല്ല | 0.3 ppm |
| 2. | കാരറ്റ്  | 1/4 | ക്ളോർപൈറിഫോസ് | 0.01 ppm | 0.2 ppm | ഇല്ല | 0.1 ppm |
| 8. | പയർ  | 1/6 | ലാംബ്ഡാ സൈഹാലോത്രിൻ | 0.04 ppm | ഇല്ല | ഇല്ല | 0.2 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## "ജൈവപച്ചക്കറി"കളെ വിഷാംശത്തിന്റെ തോത് അനുസരിച്ച് മൂന്നായി തിരിച്ച പട്ടിക.

**2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ** തിരുവനന്തപുരം നഗരത്തിലെ 3 ജൈവപച്ചക്കറി മാർക്കറ്റുകളിൽ നിന്ന് ശേഖരിച്ച 23 ഇനം പച്ചക്കറികളുടെ 66 സാമ്പിളുകൾ വെള്ളായണിയിലെ ലാബറട്ടറിയിൽ പരിശോധിച്ചതിന്റെ റിപ്പോർട്ട്

### യാതൊരു കീടനാശിനിയുടെയും അവശിഷ്ടം പരിശോധനയിൽ കാണാത്തത്

| | | |
|---|---|---|
| **ചുവപ്പ് ചീര - 1** | **കാരറ്റ് - 5** | **വെള്ളരി - 3** |
| **വെണ്ടക്ക - 3** | **സാമ്പാർ മുളക്- 1** | **സലാഡ് വെള്ളരി - 4** |
| **വഴുതന - 2** | **അമരക്ക - 2** | **തക്കാളി – 6** |
| **കത്തിരി – 5** | **മല്ലിയില - 3** | **പയർ - 3** |
| **കാപ്സിക്കം (പച്ച) - 3** | **കറിവേപ്പില - 4** | |
| **കാബേജ് (വെള്ള) - 1** | **മുരിങ്ങക്ക- 1** | |
| **കാപ്സിക്കം (ചുവപ്പ്) - 1** | **പച്ചമുളക് - 6** | |
| **കാപ്സിക്കം (മഞ്ഞ)- 1** | **കോവക്ക - 4** | |

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്)**

20 ഇനത്തിൽപ്പെട്ട

59 സാമ്പിളുകൾ

**തീർത്തും വിഷരഹിതം (സേഫ് റ്റു ഈറ്റ്) => 59** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം => 59**

### FSSAI/EU നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്

| | | |
|---|---|---|
| **പുതീന ഇല** | **1/1** | **100%** |
| **പാവക്ക** | **1/3** | **33.3%** |
| **പടവലം** | **1/3** | **33.3%** |

**അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത്**

3 ഇനത്തിൽപ്പെട്ട

3 സാമ്പിളുകൾ

| **നിഷ്കർഷിച്ചിരിക്കുന്ന പരിധിക്ക് മുകളിൽ വിഷാംശം കണ്ടെത്തിയത്** | **പരിശോധിച്ച മൊത്തം സാമ്പിളിന്റെ എണ്ണം** |
|---|---|
| **3** | **7** |

2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 23 വിവിധ ഇനം പച്ചക്കറി സാമ്പിളുകളിൽ, 20 ഇനങ്ങളുടെ 59 സാമ്പിൾ വിഷരഹിതമായിരുന്നു (സേഫ് റ്റു ഈറ്റ്). അപകട സാധ്യതയുള്ള അളവിൽ വിഷാംശം കണ്ടത് 3 ഇനങ്ങളുടെ 3 സാമ്പിളിൽ ആയിരുന്നു.



Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University

in association with Dept. Of Agriculture, Horticorp, VFPCK and K-SHM

## 2014 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ ശേഖരിച്ച 3 ഇനം“ജൈവപച്ചക്കറി”കളുടെ 3 സാമ്പിളിൽ കണ്ടെത്തിയ കീടനാശിനികളുടെ അളവും എഫ്.എസ ്.എസ്.എ. ഐ./ കോഡക്സ് / ഇ.യു. നിഷ്കർഷിച്ചിരിക്കുന്ന പരിധികളും

| # | പച്ചക്കറികളുടെ ഇനങ്ങളും സാമ്പിളുകളുടെ എണ്ണവും | | കീടനാശിനിയുടെ പേര് | കീടനാശിനിയുടെ അളവ് | നിഷ്കർഷിച്ചിരിക്കുന്ന പരിധി | | |
|---|---|---|---|---|---|---|---|
| | | | | | എഫ്.എസ്.എസ്.എ .ഐ. | കോഡക്സ് | ഇ.യു |
| 1. | പുതീന ഇല  | 1/1 | ക്ളോർപൈറിഫോസ് | 0.65 ppm | 0.2 ppm | ഇല്ല | 0.05 ppm |
| 2. | പാവക്ക  | 1/3 | ക്ളോർപൈറിഫോസ് | 0.67 ppm | 0.2 ppm | ഇല്ല | 0.05 ppm |
| | | | ലാംബ്ഡാ സൈഹാലോത്രിൻ | 0.16 ppm | ഇല്ല | ഇല്ല | 0.1 ppm |
| 3. | പടവലം  | 1/3 | ഫെൻവാലറേറ്റ് | 0.12 ppm | ഇല്ല | ഇല്ല | 0.02 ppm |


Plan scheme fully funded by Department of Agriculture, Govt. Of Kerala & implemented by Kerala Agricultural University
in association with Dept. Of Agriculture, Horticorp, VFPCK and K-SHM